കരാർ വർക്കുകളിൽ ബോർഡിന്റെ മുൻകരുതൽ

13 [1101] ശ്രീ. പി. ടി. തോമസ് :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. എം. എ. വാഹീദ് :
,, എം. എ. ചന്ദ്രശേഖരൻ :
ശ്രീമതി ശോഭനാ ജോർജ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിന്റെ വർക്കുകൾ കരാർ കൊടുക്കുമ്പോൾ അവ ഇത്ര കാലത്തിനുള്ളിൽ പൂർത്തിയാക്കണമെന്ന വ്യവസ്ഥ ചേർക്കാറുണ്ടോ ;

(ബി) നിശ്ചിത കാലത്തിനുള്ളിൽ പൂർത്തിയാക്കാത്തപക്ഷം കോൺട്രാക്ടർ ബോർഡിന് എന്ത് തുകയുടെ കോമ്പൻസേഷൻ നൽകണമെന്ന് വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്താറുണ്ടോ ;

(സി) എങ്കിൽ പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ റിനൊവറേഷൻ കരാറിൽ അത് ചേർത്തിരുന്നുവോ ;

(ഡി) ചേർത്തിരുന്നെങ്കിൽ കോമ്പൻസേഷൻ എത്രയായിരുന്നു ;

(ഇ) ബോർഡിന്റെ പണികൾ യഥാസമയം പൂർത്തീകരിക്കുന്നതിന് ബോർഡ് എടുക്കാറുള്ള മുൻകരുതൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ എന്തെല്ലാം മുൻകരുതലെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; അവയുടെ പണി സമയബന്ധിതമായി പൂർത്തിയാക്കിയോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. തുക ഓരോ കരാറിന്റേയും സ്വഭാവമനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും.

(സി) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ റിനൊവേഷൻ കരാറിൽ രണ്ട് പ്രധാന ഭാഗങ്ങളാണ് ഉള്ളത്. ആദ്യത്തേത് 24-2-1996-ൽ ഒപ്പു വച്ച കൺസൾട്ടൻസി കരാറും രണ്ടാമത്തേത് 10-2-1997-ൽ ഒപ്പുവച്ച സപ്ലൈ കരാറും. ഇതിൽ കൺസൾട്ടൻസി കരാറിൽ പിഴയ്ക്കുള്ള (ലിക്വിഡേറ്റഡ് ഡാമേജസ്) വ്യവസ്ഥ ചേർത്തിട്ടില്ല എന്നാൽ സപ്ലൈ കരാറിൽ ഈ വ്യവസ്ഥ ചേർത്തിട്ടുണ്ട്.

(ഡി) സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിൽ കാലതാമസം വരുത്തിയാൽ താമസം വരുത്തുന്ന ഓരോ ആഴ്ചക്കും താമസം വരുത്തിയ സാധനത്തിന്റെ വിലയുടെ 0.3 ശതമാനം നഷ്ട പരിഹാരമായി ഈടാക്കുവാൻ സപ്ലൈ കരാറിൽ വ്യവസ്ഥയുണ്ട്. ഇപ്രകാരമുള്ള നഷ്ടപരിഹാരം സാധനത്തിന്റെ വിലയുടെ 5 ശതമാനത്തിൽ കവിയരുതെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

CPT. 2/2311/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ കരാറുകാരനെ നിർബന്ധിതമാക്കുന്ന പ്രധാന വ്യവസ്ഥ കാലതാമസം വരുത്തിയാലുള്ള പിഴയാണ് (ലിക്വിഡേറ്റഡ് ഡാമേജസ്), ഇതു കൂടാതെ പണികൾ നടക്കുമ്പോൾ ബന്ധപ്പെട്ട എല്ലാ ഏജൻസികളുടെയും യോജിച്ച പ്രവർത്തനത്തിലൂടെയും, ദിവസേനയും ആഴ്ചതോറുമുള്ള അവലോകനയോഗങ്ങളിലൂടെയും പണികൾ യഥാസമയം പൂർത്തിയാക്കുവാൻ ശ്രമിക്കാറുണ്ട്.

(എഫ്) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ കാര്യത്തിലും മേൽപറഞ്ഞ മുൻകരുതൽ നടപടികൾ എല്ലാം എടുത്തിട്ടുണ്ട്. എങ്കിലും ഇതൊരു നവീകരണ മജ്ജോലിയായതിനാലും, പഴയ യന്ത്രങ്ങൾ അഴിച്ചു മാറ്റി പുതിയവ സ്ഥാപിക്കുമ്പോൾ പ്രതീക്ഷിക്കാത്ത ചില പ്രതിബന്ധങ്ങൾ ഉണ്ടായിയെന്നതിനാലും, ഇന്ത്യയിൽ നിന്നും വാങ്ങിക്കേണ്ടി വന്ന ചില സാധനങ്ങൾ സമയത്ത് ലഭ്യമാകാതെ വന്നതിനാലും ചെറിയ കാലതാമസം വന്നിട്ടുണ്ട്. എങ്കിലും ഈ പ്രതിബന്ധങ്ങളെല്ലാം പരിഹരിച്ച് പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്.

പട്ടികജാതി-പട്ടിക വർഗ്ഗക്കാരായ അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ

14 [1102] ശ്രീ. ലൂഡി ലൂയിസ് :
„ വി. ഡി. സതീശൻ :
„ സി. പി. മുഹമ്മദ് :
പ്രൊഫ. കെ. വി. തോമസ് :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലും അവർ താമസിക്കുന്ന മറ്റ് സ്ഥലങ്ങളിലും വൈദ്യുതി നൽകുവാൻ ഗവൺമെന്റിന് പരിപാടിയുണ്ടോ ;

(ബി) ഇതിനുവേണ്ടി അടുത്ത ഒരു വർഷത്തിനുള്ളിൽ എന്ത് തുക ചെല വഴിക്കാനുദ്ദേശിക്കുന്നു ;

(സി) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷമുള്ള ആദ്യത്തെ നൂറ് ദിവസത്തിനുള്ളിൽ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ എത്ര കോളനികളിൽ വൈദ്യുതി എത്തിച്ചു;

(ഡി) അവരുടെ എത്ര ഭവനങ്ങളിൽ പുതിയ കണക്ഷൻ നൽകി;

(ഇ) ഈ വിഭാഗത്തിൽപ്പെടുന്ന എത്ര അപേക്ഷകർക്ക് ഇനി കണക്ഷൻ നൽകാനുണ്ട് എന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly